# Malayala Manorama

## 28 August 2018

## Kochi, Flood Relief, Villagers of Lonand, Maharashtra



മഹാരാഷ്ട്രയിലെ ലോനന്ദ് ഗ്രാമവാസികളിൽ നിന്നു ഫാ. ആന്റോ പുതുവ ദുരിതാശ്വാസ വസ്തുക്കൾ സ്വീകരിക്കുന്നു.

# കേരളത്തിനായി കുഞ്ഞു ഗ്രാമത്തിന്റെ വല്യ മനസ്സ്

കൊച്ചി • എളിയവരിൽ എളിയവർ മനസ്സു നിറഞ്ഞു നൽകുന്ന ഓരോ ചെറു നാണയത്തുട്ടിന്റെയും മഹത്വം തിരിച്ചറിയുകയാണു ഫാ. ആന്റോ പുതുവയെന്ന വൈദികൻ. മഹാരാഷ്ട്രയിലെ ലോനന്ദ് എന്ന കൊച്ചു ഗ്രാമത്തിലെ സെന്റ് ജോസഫ് ഇടവക വികാരിയും സെന്റ് അൽഫോൽസ സ്കൂളിന്റെ ചുമതലക്കാരനുമാണു ഫാ. ആന്റോ.

പ്രളയക്കെടുതിയനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്കായി അവർ സമ്മാനിച്ചത് അഞ്ചു ടണ്ണിലേറെ അരിയും ഒരു ടൺ ഗോതമ്പും പഞ്ചസാരയും ബിസ്കറ്റും മറ്റ് അവശ്യവസ്തുക്കളും. ‘കൂലിപ്പണി ചെയ്തും ചെറിയ കച്ചവടം ചെയ്തും ജീവിക്കുന്നവരാണ് അവിടെയുള്ളവരിൽ കൂടുതലും. നിങ്ങളാൽ കഴിയുന്നതു തരണമെന്നേ പറഞ്ഞുള്ളൂ. അവരെന്നെ അമ്പരിപ്പിച്ചു. ഓരോ വീടും കയറിയിറങ്ങി അവർ സംഭാവന സ്വീകരിച്ച് ഒരു വലിയ ലോറി നിറയെ സാധനങ്ങൾ വാങ്ങി നൽകി’ - ഫാ. ആന്റോയുടെ വാക്കുകൾ.

അങ്കമാലി സ്വദേശിയാണു ഫാ. ആന്റോ. മഹാരാഷ്ട്രയിൽ നിന്ന് ഇന്നലെയാണു സാധനങ്ങൾ കേരളത്തിൽ എത്തിയത്. കോട്ടയം, ചങ്ങനാശേരി, മാവേലിക്കര, കുട്ടനാട്, പറവൂർ, ആലുവ മേഖലകളിൽ വിതരണം ചെയ്യും. ലോനന്ദ് സ്വദേശികളായ അഞ്ചുപേർ കൂടി എത്തിയിട്ടുണ്ട്, പ്രളയത്തിൽ നിന്നു കരകയറുന്ന നാടിനു സഹായം കൈമാറാൻ.